# പള്ളികഥകൾ

## മിനികഥകൾ അറുപത്തിയൊന്നാം

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ അമേരിക്കയിലെ ഒരു പള്ളിയിൽ നടന്ന കഥയാണ് ഇപ്പോൾപറയാൻ പോകുന്നത്. അധികം കുടുംബങ്ങൾ ഇല്ലാത്ത ഒരു ഇടവകയാണത്. അമേരിക്കയിൽ സാധാരണ നൂറു കുടുംബങ്ങൾ ഉള്ള പള്ളി വലിയ പള്ളികളുടെ കൂട്ടത്തിൽപെടുന്നതാണ്. എന്നാൽ വെറും പത്തു കുടുംബങ്ങളെക്കൊണ്ട് കഴിയുന്ന പള്ളികളും വിരളമല്ല. അങ്ങിനെയുള്ളിടത്ത് ചിലപ്പോൾ മാസത്തിൽ ഒരിക്കൽ മാത്രമേ ആരാധന നടക്കാറുള്ളു.

## പരോപകാരം

ജയമോളും ഭർത്താവും ആ പള്ളിയിലെ അംഗങ്ങളാണ് അവക്ക് മക്കളില്ല. ഏകദേശം ഇരുപത് വർഷമായ അവർ വിവാഹിതരായിട്ട്. ആ ഇടവകയിലെ നല്ല പണക്കാരുടെ കൂട്ടത്തിലാണ് അവരുടെ പേര് കിടക്കുന്നത്. എല്ലാ ഞായറാഴ്ചയും മറ്റ് ആരാധനാ ദിവസങ്ങളിലും ഏറ്റവും അതികാലത്തു തന്നെ ജയമോൾ പള്ളിയിൽ വരും. എന്നാൽ അവരുടെ ഭർത്താവ് തീരെ പള്ളിയിൽ വരാറേയില്ല. ഏറ്റവും വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും സുഗന്ധങ്ങളും അവർ ഉപയോഗിക്കാറുള്ളു. എല്ലാ വർഷവും അവർ നാട്ടിൽ പോകുമ്പോൾ വളരെ നല്ല വിലകൂടിയ സാരികൾ കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വെരെയുള്ള കടകളിൽ നിന്നും വാങ്ങി കൊണ്ടുവരും. ഈ സാരികൾ എല്ലാം ഉപയോഗിക്കണമെങ്കിൽ തീർച്ചയായും പള്ളിയിൽ വന്നാൽ മാത്രമേ പറ്റുകയുള്ളല്ലോ. അല്ലങ്കിൽ മലയാളികളുടെ സംഘടനകളുടെ പരിപാടികൾക്ക് പോകണം. അത് വല്ലപ്പോഴുമേ ഉള്ളല്ലോ.

ജയമോളുടെ ഭർത്താവ് എപ്പോഴും വെള്ളത്തിലാണ്. കാലത്ത് ജോലിക്ക് പോയിട്ട് വന്നാലുടനെ തുടങ്ങും പരിപാടി. അയാൾക്ക് അതല്ലാതെ വേറെയൊന്നിലും താല്പര്യമില്ല. ജയമോൾക്ക് വേറേ പ്രത്യേകിച്ച് ജോലിയൊന്നുമില്ല. നേരം വെളുക്കമ്പോൾ മുതൽ ഭക്ഷണം ഉണ്ടാക്കുക, ടെലിവിഷൻ കാണുക, എക്സർസൈസിന് പോവുക, പരിചയക്കാർ സ്ത്രീകളുമായ് ഫോണിൽ വർത്തമാനം പറയുക, കമ്പ്യൂട്ടറിൽ സമയം ചെലവഴിക്കുക ഇത്രയുമായാൽ തന്നെ സമയം പോകുന്നതറിയത്തില്ല. അവർ മെല്ലിച്ച ശരീരപ്രകൃതിയുള്ള സ്ത്രീയാണ്. സുന്ദരിയാണോയെന്നു ചോദിച്ചാൽ വിരൂപയല്ലയെന്നതാണ് ശരിയായ ഉത്തരം. അവരുടെ ഭർത്താവ്, രാജുവിന് നല്ല ജോലിയും ഇഷ്ടം പോലെ ശമ്പളവും ഉണ്ട്. കൂടാതെ അയാളുടെ ഭാര്യ എന്തെങ്കിലും ജോലിക്ക് പോകുന്നത് അയാൾക്കിഷ്ടവുമില്ല. വലിയ ഒരു വീടും അതു നിറയെ വിലകൂടിയ സാധനങ്ങളും, വിലകൂടിയ വാഹനങ്ങളുമായ് ആർഭാടമായ ഒരു ജീവിതമാണ് അവരുടേത്.

ആ പള്ളിയിലെ തന്നെ ഒരംഗമാണ് ജോസഫ്. അയാൾ ഇതുവരെ വിവാഹം കഴിച്ചിട്ടില്ല. വളരെ ചെറിയ ഒരു കമ്പിനിയിലെ ചെറിയ ഒരു ജോലിയും വളരെ തുഛമായ വരുമാനവുമായി ഒരു എപ്പാട്ടുമെന്റിൽ കഴിയുകയാണ്. അയാൾ നല്ല ഓർത്ഡോക്സുകാരനാണെങ്കിലും അയാളുടെ പെങ്ങൾ വേറൊരു ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട ആളുടെ ഭാര്യയായി ജോലി ചെയ്ത് ജീവിക്കുകയാണ്. മോളിയാണ് വേണ്ട കത്തിടപാടുകളെല്ലാം ചെയ്ത് ആങ്ങളയെ അമേരിക്കയിൽ വരുത്തിയത്. ഏകദേശം പത്ത് വർഷത്തോളമായി അയാൾ അമേരിക്കയിൽ വന്നിട്ട്. ഇവർ വളരെ ദൂരത്തിലുമാണ് താമസവും. വല്ലപ്പോഴുമൊരിക്കൽ മാത്രമേ ഇവർ പരസ്പരം കാണാറുമുള്ളു. അയാൾ ജോലി ചെയ്യുന്ന സ്ഥലത്തിനടുത്തായിട്ടാണ് താമസവും.

ജയമോൾക്ക് കാറുള്ളതുകൊണ്ട് അവക്ക് കടകളിൽ പോകാനും സാധനങ്ങൾ വാങ്ങാനും അങ്ങിനെയുള്ള എല്ലാ കാര്യങ്ങളും സ്വയം ചെയ്യാൻ സാധിക്കും. എന്നാൽ ഏകദേശം മുക്കാൽ മണിക്കൂറോളം വണ്ടി ഓടിച്ച് പള്ളിയിൽ പോകാനും വരാനുംവളരെ പ്രയാസമാണ്. എന്നാലും വളരെ കഷ്ടപ്പെട്ട് അവർ പോകുമായിരുന്നു. ജോസഫ് താമസിക്കുന്നത് ജയമോൾ താമസിക്കുന്നിടത്തു നിന്നും വെറും മൂന്നുമൈൽ മാത്രം ദൂരത്തിലാണ്.

അന്നൊരു ദിവസം ജയമോൾ പള്ളിയിൽ പോയിട്ട് മടങ്ങി വരാൻ നേരം അവരുടെ കാറിന്റെ ഒരു ടയർ ഫ്ലാറ്റായി കിടക്കുന്നതാണ് കണ്ടത്. അതിന്റെ തൊട്ടടുത്തു കിടക്കുന്ന കാറായിരുന്നു ജോസഫിന്റേത്. ജോസഫും ആ സമയത്തു തന്നെ പോകാനായി വന്നു. ജയമോളുടെ അവസ്ഥ കണ്ട്, അയാൾ ഉടനെ തന്നെ ആ വണ്ടിയുടെ സ്റ്റെപ്പിനി എടുത്തു വെച്ച് ശരിയാക്കികൊടുത്ത് അവരെ പറഞ്ഞു വിട്ടു. ആ പരിചയത്തിൽ അവക്കിരുവക്കും മനസ്സിലായി അവർ ഇത്രയും അടുത്താണ് താമസിക്കുന്നതെന്ന്. കൂടാതെ ജയമോൾ പള്ളിയിലേക്ക് പോകുന്ന വഴിയിലാണ് ജോസഫ് താമസിക്കുന്നത്. അപ്പോൾ അവക്ക് പള്ളിയിൽ പോകേണ്ട സമയത്ത് അവൾ അയാളുടെ താമസസ്ഥലതെത്തിയാൽ അവരെ കൂടെ കൊണ്ടുപോയിട്ട് മടക്കി അവിടെ കൊണ്ടു വിടാൻ അയാൾക്ക് യാതൊരു പ്രയാസവുമില്ല. ആ പോക്കു വരവിൽ അവർ കൂടുതൽ പരിചയപ്പെട്ടു.

ഒരു ദിവസം അപ്രതീക്ഷിതമായിട്ട് അവൾ അയാളുടെ താമസസ്ഥലത്ത് കയറിച്ചെന്നപ്പോൾ അത് മുഴുവനും വൃത്തിഹീനമായി അലങ്കോലപ്പെട്ടു കിടക്കുന്നത് കണ്ട് അവർ അന്ന് വളരെ നേരം അവിടെ പണിചെയ്ത് എല്ലാം വൃത്തിയാക്കിയിട്ടു. അങ്ങിനെ അവർ ദിവസംപ്രതി കൂടുതൽ കൂടുതൽ അടുത്തു

അവൾ വളരെ പാവപ്പെട്ട ഒരു വീട്ടിൽ ജനിച്ചു വളർന്നതാണ്. ഇപ്പോഴും അവർ ആ അവസ്ഥയിൽ തന്നെയാണ്. ഏകദേശം ഇരുപത് വർഷം മുമ്പ് കേവലം ഇരുപത് വയസ്സുണ്ടായിരുന്നപ്പോൾ അവൾ വിവാഹിതയായതാണ്. അന്ന് രാജുവിന് അവളെക്കാൾ പത്തു വയസ് പ്രായകൂടുതലുണ്ടായിരുന്നു. രാജു അമേരിക്കയിൽ നിന്ന് വന്ന് അവളെ വിവാഹം കഴിച്ചു പോന്നതാണ്. പലസ്ഥലത്തു പോയി അയാൾ പെണ്ണുങ്ങളെ കണ്ടെങ്കിലും ഇവളെയായിരുന്നു അയാൾക്കിഷ്ടപ്പെട്ടത്. അങ്ങിനെ നാട്ടിലേക്ക് മടങ്ങി വരുന്നതിന് തലേ ദിവസം മുമ്പാണ് ആ വിവാഹം നടന്നത്. അതിന് ആറുമാസം കഴിഞ്ഞ് അവൾ അമേരിക്കയിൽ വന്ന ശേഷമായിരുന്നു അവരുടെ ആദ്യരാത്രി തന്നെ കൂടിയത്. അന്ന് അയാൾ അവളെ കെട്ടിപ്പിടിച്ചു കഴിഞ്ഞപ്പോൾ തന്നെ അയാളുടെ മുണ്ട് നനഞ്ഞ് മറ്റ് യാതൊന്നും ചെയ്യാൻ കഴിയാതെ കഴിക്കേണ്ടി വന്നു. പിന്നിടത് പല ദിവസവും ആവർത്തിച്ചപ്പോൾ അവർ വ്യത്യസ്ഥ മുറികളിൽ കിടക്കകളിൽ കിടക്കാൻ നിബ്ബ്ഢിതരായി. പിന്നീട് അയാൾ ക്രമേണ മദ്യത്തിന്നടിമയായി തീരുകയായിരുന്നു. ആദ്യമായി മദ്യം കഴിച്ചശേഷം വീണ്ടും അവളെ പ്രാപിക്കാൻ വന്നെങ്കിലും ഫലമുണ്ടായില്ല. ജോസഫിന് അവളെക്കാൾ ഒരു വയസ് പ്രായക്കൂടതലുണ്ട്. അയാളുടെ വരുമാനം കൊണ്ട് വിവാഹം കഴിച്ച് ജീവിക്കാൻ പറ്റത്തില്ലായെന്ന കാരണത്താൽ അയാൾ വിവഹം കഴിക്കാതെ കഴിയുകയാണ്. ജയമോൾ വേറാരെങ്കിലുമായി രഹസ്യമായി ലൈഗിക ഇടപാടുകൾ നടത്തുന്നതിൽ രാജുവിന് യാതൊരു വിരോധവുമില്ലങ്കിലും ഇതുവരെ അവൾ അങ്ങിനെയല്ലായിരുന്നു. ഈ സാഹചര്യത്തിൽ അവർ പരസ്പരം പരോപകാരികളായിത്തീർന്നു.